# പാലിന്റെ കണക്കിലല്ലേ പശുവിന്റെ വില?

**സണ്ണി ജോർജ്ജ്**
*ചെയർമാൻ, തേജസ്വിനി കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ്*



നഷ്ടക്കണക്കിൽ നട്ടംതിരിയുന്ന കേര കർഷകന് ആശ്വാസം പകരാൻ യുഡിഎഫ് സർക്കാർ കഴിഞ്ഞ പ്രകടന പത്രികയിൽ മുന്നോട്ട് വെച്ച ഏറ്റവും വലിയ വാഗ്ദാനം കേരകർഷകർക്ക് നീര ചെത്താനും വിപണനം നടത്താനുമുള്ള അവകാശം കൊടുക്കും എന്നതായിരുന്നു. എന്നാൽ, അധികാരം ഏറ്റ് രണ്ട് വർഷം കഴിഞ്ഞപ്പോൾ കള്ളിന്റെ പ്രശ്നങ്ങളും നീരയുടെ സാദ്ധ്യതകളും പഠിക്കാൻ ഒരു ഉന്നതാധികാര സമിതിയെ നിയോഗിച്ചു. 42 ലക്ഷം കേരകർഷകർക്കായി ഒരു പ്രതിനിധിയേയും 30,000ൽ താഴെ മാത്രമുള്ള കള്ള് ചെത്ത് തൊഴിലാളികളുടെ 4 പ്രതിനിധികളേയും ഉൾപ്പെടുത്തിയാണ് പ്രസ്തുത കമ്മിറ്റി രൂപീകരിച്ചത്. എന്നാൽ നാളികേര വികസന ബോർഡിന്റേയും മറ്റ് കർഷക സംഘടനകളുടേയും കർഷകരുടേയും ശക്തമായ ഇടപെടലും ഏക കർഷക പ്രതിനിധിയായ ശ്രീ. ബാബുജോസഫിന്റെ ധീരമായ നിലപാടും മൂലം കർഷകർക്ക് അനുകൂലമായ ഒരു റിപ്പോർട്ട് നൽകാൻ ഈ സമിതി തയ്യാറായി എന്നാണ് അറിയുന്നത്.

കർഷക മേഖലയുടെ നാളിത് വരെയുള്ള അനുഭവം കണക്കിലെടുത്താൽ തുറക്കാൻ പറ്റാത്ത കുറെ പായ്ക്കേജുകളും നടപ്പിലാകാത്ത പ്രഖ്യാപനങ്ങളുമാണ് ഉണ്ടായിരിക്കുന്നത്. കഴിഞ്ഞ യുഡിഎഫ് സർക്കാർ കേരളത്തിൽ മൂന്ന് നീര യൂണിറ്റുകൾക്ക് അനുമതി നൽകുകയുണ്ടായി. ഇലക്ഷൻ പ്രഖ്യാപനത്തിന് മുൻപ് പ്രഖ്യാപിച്ച മൂന്ന് യൂണിറ്റുകളിലൊന്ന് എന്റെ നേതൃത്വത്തിലുള്ള ഒരു കമ്മിറ്റിക്കായിരുന്നു. ആ നീരയും ആരും രുചിക്കാതെ തെരഞ്ഞെടുപ്പിനുശേഷമുള്ള ഭരണമാറ്റത്തിൽ ഒഴുകിപ്പോയി. നീരയുടെ ഈ രണ്ടാംവരവും രുചി നോക്കാതെ പോകാനുള്ള സാദ്ധ്യത വളരെയധികമാണ്. നാളികേര കർഷകരുടെ ഈ സ്വപ്നപദ്ധതി ഇനിയും കുഴിച്ചുമൂടപ്പെട്ടാൽ ഇനി ഒരുകാലത്തും അത് മുളച്ച് പൊങ്ങുകയില്ല. അതുകൊണ്ട് കേരളത്തിലെ മുഴുവൻ നാളികേര കർഷകരും ഉണരേണ്ട സമയമായി. സ്വന്തം തെങ്ങിലെ സ്വർണ്ണം ഇരുമ്പിന്റെ വിലയ്ക്ക് ആരോ കൊണ്ടുപോകുന്ന സാഹചര്യം മാറ്റപ്പെടണം. സ്വന്തം കൃഷിയിടത്തിൽ നട്ട് പരിപാലിക്കുന്ന തെങ്ങിൽ നിന്നും നീരയെടുക്കണോ, കരിക്ക് പറിക്കണോ, തേങ്ങ പറിക്കണോ എന്ന് തീരുമാനിക്കാൻ കർഷകന് അവകാശവും സ്വാതന്ത്ര്യവും ഉണ്ട്. ഇതിന് ആരുടേയും ഔദാര്യത്തിന് കാത്തുനിൽക്കേണ്ട ആവശ്യമില്ല. രാഷ്ട്രപിതാവായ മഹാത്മാഗാന്ധി നേതൃത്വം നൽകിയ ഉപ്പ് സത്യാഗ്രഹം ആരും മറന്ന് പോകരുത്. വിദേശരാജ്യങ്ങളിൽ നമ്മുടെ "രാഷ്ട്രപിതാവ് നീരയുടെ ബ്രാൻഡ് അംബാസിഡറാണ്". 94 രാജ്യങ്ങളിൽ തെങ്ങ് കൃഷിയുള്ളതിൽ 93 രാജ്യങ്ങളിലും നീരയും അതിന്റെ ഉൽപന്നങ്ങളും നിർമ്മിക്കുന്നു. അയൽ സംസ്ഥാനമായ കർണ്ണാടകത്തിൽ ഉത്പാദിപ്പിക്കുന്ന നീര ഉടൻ നമ്മുടെ വിപണിയിലെത്തും.

തെങ്ങ് ചെത്തി തുടങ്ങിയ പുരാതന കാലം മുതൽ ഇന്ന് വരെയുള്ള കാലയളവിൽ ഒരുതരത്തിലുമുള്ള പുത്തൻ സാങ്കേതികവിദ്യയും കടന്ന് വരാത്ത ഈ കുലത്തൊഴിലിൽ തെങ്ങിന്റെ മുകളിൽ കയറാൻ യന്ത്രവൽക്കരണ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തണം. പണ്ട് വീടുകൾതോറും നടന്ന് തുണി വാങ്ങി അലക്കി ഉണക്കികൊടുക്കുന്നതിന് പകരം ഇപ്പോൾ സ്വന്തം വീട്ടിൽ വാഷിംഗ് മെഷീൻ ഉപയോഗിക്കാൻ ജനങ്ങൾ പഠിച്ചുവെന്നത് ഓർക്കണം.

തെങ്ങ് ചെത്ത് മേഖലയിലെ അശാസ്ത്രീയമായ കുലപാട്ടം പോലുള്ള നടപടിമൂലം കർഷകരും തൊഴിലാളികളും ഒരുപോലെ കഷ്ടതയിലാണ്. പശുവിനെ വളർത്തിയാൽ പാലിന്റെ അളവിന് വില കിട്ടുന്നതുകൊണ്ടാണ് കൂടുതൽ ഉത്പാദനശേഷിയുള്ള പശുക്കളെ കർഷകർ വളർത്തുന്നത്. പശുവിന്റെ എണ്ണത്തിനാണ് വിലയെങ്കിൽ കുറച്ച് പാൽ കിട്ടുന്നതും, ശ്രദ്ധ വളരെക്കുറച്ച് മാത്രം ആവശ്യവുമുള്ള നാടൻ പശുക്കളെയല്ലേ വളർത്തുകയുള്ളൂ. നീരയുടെ കാര്യത്തിലും കുലയ്ക്കല്ല അളവിന് വില ലഭിക്കണം. അപ്പോൾ നല്ല അളവ് നീര കിട്ടുന്ന തെങ്ങ് നീരയുത്പാദിപ്പിക്കാൻ കർഷകൻ മാറ്റിവെയ്ക്കും. നീരയുടെ ലഭ്യതയനുസരിച്ചുള്ള വരുമാനം തൊഴിലാളിക്കും ലഭ്യമാക്കുമ്പോൾ ശ്രദ്ധയോടെയും കൃത്യനിഷ്ഠയോടും ജോലി ചെയ്യുവാൻ ശ്രമിക്കും. കർഷകനും തൊഴിലാളിക്കും വരുമാനം കൂടും.

ചെത്ത് തൊഴിലാളികൾ ഇപ്പോൾ കൂട്ടത്തോടെ ഈ മേഖല വിട്ട് പോകുകയാണ്. കൈ നനയാതെ മീൻ പിടിക്കുന്ന ചില മിടുക്കന്മാരാണ് ഇപ്പോൾ ഈ മേഖല നിയന്ത്രിക്കുന്നത്. കർഷകനും കർഷക തൊഴിലാളികളും ശത്രുക്കളല്ല അവർ പരസ്പര പൂരകങ്ങളായി പ്രവർത്തിക്കണം. കർഷകനും കർഷക തൊഴിലാളിയും ഒരു നാണയത്തിന്റെ രണ്ട് വശങ്ങളാണ്. ഇവർ നാടിന്റെ നട്ടെല്ലാണ് (ഇലക്ഷൻ കാലത്ത് മാത്രമല്ല എല്ലാക്കാലത്തും നട്ടെല്ലാണെന്ന് ഓർക്കണം). ലോകജനതയെ തീറ്റിപ്പോറ്റുന്ന ഇവർ ആരുടേയും അടിമകളല്ല. ഇവരുടെ വംശനാശം കൊടും പട്ടിണിയിലേക്കായിരിക്കും ലോകത്തെ എത്തിക്കുക. ഈ മേഖലയിലെ ഇടനിലക്കാരെയും ചൂഷകരേയും ഒഴിവാക്കി ഉത്പാദനം മുതൽ വിപണനം വരെ കർഷകനും കർഷകത്തൊഴിലാളിയും കൂടി ഏറ്റെടുക്കണം. ലാഭം ഇവർക്ക് ആനുപാതികമായി കിട്ടണം.

തെങ്ങും നീരയും പോലെ പ്രധാനപ്പെട്ട ഒന്നാണ് തോട്ടത്തിന്റെ സംരക്ഷണവും പരിപോഷണവും. ഉത്പാദനശേഷി കുറഞ്ഞതും രോഗം വന്നതുമായ മുഴുവൻ തെങ്ങുകളും മുറിച്ച് മാറ്റി കുറിയ ഇനം തെങ്ങുകളും പഴവർഗ്ഗങ്ങളും കിഴങ്ങ് വർഗ്ഗങ്ങളും ഔഷധസസ്യങ്ങളും ആട്, മുയൽ,നാടൻ കോഴി തുടങ്ങിയവയും സ്ഥാനം പിടിക്കണം. ജലസംരക്ഷണവും പൂർണ്ണമായി നടപ്പിലാക്കണം. ഉൽപന്നങ്ങൾ ഉത്പാദക കമ്പനി വഴി സംസ്ക്കരിച്ച് ഇടനിലക്കാരില്ലാതെ വിപണിയിലെത്തിക്കണം.

*(ശേഷം 31-ാം പേജിൽ)*

*(26-ാം പേജിൽ നിന്നും തുടർച്ച)*

കെട്ടിട നിർമ്മാണമേഖല തൊട്ട് എല്ലാ മേഖലകളും പൂർണ്ണതോതിലുള്ള യന്ത്രവൽക്കരണത്തോടും പുത്തൻ സാങ്കേതിക വിദ്യകളോടും കൂടി വ്യവസായവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. തൊഴിലാളികൾക്ക് ഏറെക്കുറെ തൊഴിൽ സ്ഥിരത കിട്ടുന്നുണ്ട്. ഇനി കൃഷിയും ഈ രീതിയിൽ മാറണം. ചെറുതുണ്ട് കൃഷിഭൂമിയുള്ള കർഷകർ തമ്മിലല്ല മത്സരിക്കേണ്ടത്. ആഗോളവൽക്കരണവും ഉദാരവൽക്കരണവും കൊടികുത്തി വാഴുന്ന ഈ കാലഘട്ടത്തിൽ വിദേശ,സ്വദേശ കുത്തകകളോടാണ് പാവം കർഷകർ മത്സരിക്കേണ്ടത്. ഉത്പാദനം മുതൽ വിപണനം വരെ കർഷക കൂട്ടായ്മയിൽ നടക്കണം. കൃഷി ഒരു സംസ്ക്കാരമാണെന്ന് മനസ്സിലാക്കണം. ജീവിതത്തിന്റെ ഭാഗമാണ് കൃഷി. കൃഷി ഒരു വ്യവസായമാണ്, ബിസിനസ്സാണ്. കൃഷി ഒരു കല കൂടിയാണ്, ഒപ്പം ഒരു ഗവേഷണവും. കൃഷിയിടം ഒരു പാഠശാലയാണ്. മനുഷ്യന്റെ ബുദ്ധിക്കും മനസ്സിനും വളർച്ച നൽകുന്ന ഒരു പ്രതിഭാസമാണ്. കർഷകൻ പ്രകൃതിയുടേയും മനുഷ്യന്റേയും കാവലാളാണ്. ദാനമായി കിട്ടിയ ഭൂമി ദാനമായി അടുത്ത തലമുറയ്ക്ക് കൈമാറണം. എല്ലാവരാലും ഉപേക്ഷിക്കപ്പെട്ട് ചെളിയിൽ വീണ് കിടക്കുന്ന കർഷക മുത്തിനെ പരിരക്ഷിച്ച് സംരക്ഷിക്കേണ്ട ചുമതല എല്ലാ ജനങ്ങളും ഏറ്റെടുക്കണം.

ഈ ലക്ഷ്യത്തോടെ കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ കർഷകരെ സംഘടിപ്പിച്ച് ചെറുപുഴ കേന്ദ്രമായി തേജസ്വിനി കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി രജിസ്ട്രേഷൻ നടപടി പൂർത്തിയാക്കി പ്രവർത്തന പഥത്തിലേക്ക് ഇറങ്ങുകയാണ്. 5 കോടി അംഗീകൃത മൂലധനമുള്ള കമ്പനിയായാണ് തേജസ്വിനി രജിസ്റ്റർ ചെയ്തിരിക്കുന്നത്. എല്ലാവരുടേയും സഹകരണവും അനുഗ്രഹവും അഭ്യർത്ഥിക്കുന്നു.